# കേരള സർവകലാശാല

നം.പി.ആർ.45/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

2019 ഏപ്രിൽ 17 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 ഒക്ടോബറിൽ യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം നടത്തിയ എം.ഫിൽ അറബിക്, ബോട്ടണി (2017 – 18 ബാച്ച്) പരീക്ഷാഫലം വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 സെപ്റ്റംബർ – ഒക്ടോബർ മാസങ്ങളിൽ നടത്തിയ ഒന്നും രണ്ടും വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ സപ്ലിമെന്ററി ന്യൂ സ്കീം (2013 അഡ്മിഷൻ മുതൽ) ഓൾഡ് സ്കീം (2013 അഡ്മിഷന് മുൻപ്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 30 വരെ അപേക്ഷിക്കാം.

## തീയതി നീട്ടി

സർവകലാശാലയിലെ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി സർക്കാർ ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) നടപ്പിലാക്കുന്നതിന്റെ വിവര ശേഖരണത്തിനുള്ള സമയപരിധി ദീർഘിപ്പിച്ചിരിക്കുന്നു. ആയതിനാൽ ഇതുവരെ വിവരങ്ങൾ അപ്ലോഡ് ചെയ്യാത്ത പെൻഷൻകാർക്ക് ഇതിനായി kufinance.info എന്ന സൈറ്റിൽ pension spot ൽ നൽകിയിട്ടുള്ള പ്രഫോർമയിൽ വിവരങ്ങൾ മാർച്ച് 8 വരെ അപ്ലോഡ് ചെയ്ത്, പ്രഫോർമയുടെ പ്രിന്റൗട്ട്, പ്രഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം മാർച്ച് 11 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അസിസ്റ്റന്റ് രജിസ്ട്രാർ (അക്കൗണ്ട്സ്/പെൻഷൻ) ന് സമർപ്പിക്കേണ്ടതാണ്.

അപ്ലോഡ് ചെയ്യുന്ന വിവരങ്ങൾ ഗവൺമെന്റ് സൈറ്റിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിനാൽ വിവരങ്ങൾ തെറ്റ് കൂടാതെ കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. മുൻപ് അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

## പരീക്ഷ ഫീസ്

2019 മാർച്ച് 29 ന് ആരംഭിക്കുന്ന അവസാന വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്കു പിഴയില്ലാതെ മാർച്ച് 11 വരേയും 50 രൂപ പിഴയോടുകൂടി മാർച്ച 13 വരെയും 125 രൂപ പിഴയോടെ മാർച്ച് 15 വരെയും ഫീസടക്കാവുന്നതാണ്.

# ദേശീയ ശാസ്ത്ര ദിനം

വേദാന്ത പഠനകേന്ദ്രത്തിന്റെയും തിരുവനന്തപുരം ഗവൺമെന്റ് സംസ്കൃത കോളേജിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ദേശീയ ശാസ്ത്ര ദിനം സമുചിതമായി ആഘോഷിച്ചു. ഗവൺമെന്റ് സംസ്കൃത കോളേജ് പ്രിൻസിപ്പൽ ഡോ: കെ ഉണ്ണികൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ആഘോഷ പരിപാടിയിൽ വേദാന്ത പഠന കേന്ദ്രം ഓണററി ഡയറക്ടർ ഡോ: സി.എൻ വിജയകുമാരി സ്വാഗതവും ജ്യോതിഷ വിഭാഗം അദ്ധ്യാപകൻ ഡോ: എൻ. ജയകൃഷ്ണൻ കൃതജ്ഞതയും രേഖപ്പെടുത്തി. തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജ് ജ്യോതിഷ വിഭാഗം അദ്ധ്യക്ഷൻ ഡോ: ഇ.എൻ ഈശ്വരൻ 'ഭാരതീയ ശാസ്ത്ര വൈഭവം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

**തിരുവനന്തപുരം.**

01.03.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**